പതിമൂന്നാം കേരള നിയമസഭ - രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:308 13/10/2011-ൽ മറുപടിയ്ക്ക്

തീരദേശ റോഡുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.കെ. നാണു<br>ശ്രീ. മാത്യു. റ്റി. തോമസ്<br>ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീമതി. ജമീലാ പ്രകാശം | ശ്രീ. ഉമ്മൻചാണ്ടി<br>( മുഖ്യമന്ത്രി) |
| (എ)<br>തീരദേശ റോഡുകളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനും വേണ്ടി ഈ സർക്കാർ അധികാരമേറ്റ ശേഷം എന്തൊക്കെ നടപടികൾ സ്വീകരിച്ചു; | (എ) (ബി) & (സി)<br>ഹാർബർ എഞ്ചിനീയറിംഗ് വകുപ്പു വഴി തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പ്രവൃത്തികൾ സർക്കാർ നടപ്പിലാക്കി വരുന്നു. 2011-12 ലെ ആദ്യ ബജറ്റിൽ പ്രവൃത്തികൾക്കായി 1000 രൂപ മാത്രമാണ് വകയിരുത്തിയിരുന്നത് കഴിഞ്ഞ സാമ്പത്തിക വർഷം ഭരണാനുമതി ലഭിച്ചതും പണി ആരംഭിച്ചതുമായ 256 റോഡുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് ആദ്യ ബജറ്റിൽ പണം വകയിരുത്തിയിരുന്നില്ല. നടന്നു വരുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും പുതിയ റോഡു നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുമായി പുതിയ സർക്കാർ വന്നതിനുശേഷം 48.65 കോടി രൂപ അധികമായി ബജറ്റിൽ ഉൾക്കൊള്ളിച്ചു. ഇതിനകം പുതിയ 83 റോഡുകളുടെ നിലവാരമുയർത്തുന്ന പ്രവൃത്തികൾ ഏറ്റെടുക്കാൻ തത്വത്തിൽ അംഗീകാരം നൽകി. കൂടാതെ ബഹുമാനപ്പെട്ട എം.എൽ.എ മാർ എം.പി മാർ മറ്റു ജനപ്രതിനിധികൾ എന്നിവരിൽ നിന്നും റോഡുകളുടെ നിർമ്മാണത്തിനായി ലഭിക്കുന്ന അപേക്ഷകൾ പരിഗണിച്ചു വരുന്നു. തത്വത്തിൽ അംഗീകരിച്ച 83 റോഡുകളുടെ എസ്റ്റിമേറ്റുകൾ ഹാർബർ |

എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കി വരുന്നു. അടുത്ത ഒരു മാസത്തിനകം ഈ റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാൻ കഴിയുമെന്നും ഈ സാമ്പത്തിക വർഷം തന്നെ മേൽ റോഡുകളുടെ നിർമ്മാണം ആരംഭിച്ച് നല്ല പുരോഗതിയിൽ എത്തിക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു. കൂടുതൽ റോഡുകൾ ഈ സാമ്പത്തിക വർഷം ഏറ്റെടുക്കുന്നതിനായി യിൽ SDG യിൽ 5 കോടി രൂപ കൂടി വക കൊള്ളിക്കാനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ഈ പദ്ധതിയിൽ കേരളത്തിലെ തീരദേശങ്ങളിലെയും പുഴയോരങ്ങളിലെയും . റോഡുകളുടെ നിലവാരം ഉയർത്തുന്ന പ്രവൃത്തികളാണ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നത്.

(ബി)
ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര തീരദേശ റോഡുകളുടെ നിർമ്മാണത്തിനുവേണ്ടി എന്തു തുക അനുവദിച്ചിട്ടുണ്ട്;

(സി)
തീരദേശത്തല്ലാത്ത ഏതെല്ലാം റോഡുകൾ ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

സെക്ഷൻ ഓഫീസർ.